കോളേജ് കോമ്പൗണ്ടിൽ വാട്ടർ ടാങ്ക് പണിയുന്നതിന് നടപടി

67 (4875) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം ഓഗ്മെന്റേഷൻ പദ്ധതിയുടെ ഭാഗമായി തലയോലപ്പറമ്പ് ദേവസ്വം കോളേജ് കോമ്പൗണ്ടിൽ വാട്ടർ ടാങ്ക് പണിയുന്നത് സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ ;

(ബി) ഇതുസംബന്ധിച്ച് ജലവിഭവ വകുപ്പു മന്ത്രിയും ഉദ്യോഗസ്ഥരും സ്ഥലം എം. എൽ. എ. യും പങ്കെടുത്ത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത തീരുമാനങ്ങൾ എടുത്തിട്ട് മാസങ്ങൾ കഴിഞ്ഞിട്ടും അവ നടപ്പിലാക്കാത്തതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വാട്ടർടാങ്ക് പണിയുന്നതിനുള്ള സ്ഥലം എന്നത്തേയ്ക്ക് ഏറ്റെടുക്കാനാവുമെന്നും പണി എന്നത്തേയ്ക്ക് തുടങ്ങാനാവുമെന്നും അറിയിക്കാമോ ?

ഉത്തരം

(എ) വാട്ടർ ടാങ്ക് പണിയുന്നതിനുള്ള സ്ഥലം ദേവസ്വം ബോർഡിൽ നിന്ന് ലഭിച്ചിട്ടുണ്ട്. ടാങ്ക് നിർമ്മിക്കുന്നതിനുള്ള പണിയുടെ ടെണ്ടർ പരിശോധിച്ച് വരുന്നു.

(ബി) പ്രസ്തുത യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ താഴെപ്പറയുന്നവയാണ്.

1. ശുദ്ധീകരണശാലയുടെ പണികൾ വേഗത്തിലാക്കുക.
2. നിലവിലുള്ള പൈപ്പിന് സമാന്തരമായി ശുദ്ധജലം പമ്പ് ചെയ്യുന്നതിനു കൂടുതൽ ലീക്കുകളുള്ള സ്ഥലത്തിന് ഏറ്റവും മുൻഗണന നല്കി പുതിയ പൈപ്പ്ലൈൻ ഇടുന്നതിന് പ്രൊപ്പോസൽ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർക്ക് നൽകുക.
3. തലയോലപ്പറമ്പിൽ ദേവസ്വം ബോർഡ് സ്ഥലത്ത് പണിയേണ്ട ടാങ്ക് പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

(സി) പണത്തിന്റെ ലഭ്യതയനുസരിച്ചേ പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളു.

(ഡി) 2003 ജൂലൈ 7-ാം തീയതി ടാങ്ക് പണിയുന്നതിനാവശ്യമായ 30 സെന്റ് സ്ഥലം കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്. ടാങ്കിന്റെ പണിയുടെ ടെണ്ടർ വിളിച്ച് കിട്ടിയ ഓഫറുകൾ പരിശോധിച്ചു വരുന്നു. ടെണ്ടർ സംബന്ധിച്ച് തീരുമാനമായാൽ ഉടൻതന്നെ പണത്തിന്റെ ലഭ്യതയ്ക്കനുസരിച്ച് പണി തുടങ്ങുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly